നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം നടപടി നടന്നുവരവെയാണ് ഇവർ ഒലിക്കടിയിൽ താമസമാക്കുന്നതിനുമുമ്പ് താമസിച്ചിരുന്ന മുളങ്ങാമുട്ടിയിൽ കുടിൽകെട്ടി താമസം തുടങ്ങിയത്.

(സി) ടി ആദിവാസികൾക്ക് നിലവിൽ ഒലിക്കടി ഭാഗത്ത് 305 ഹെക്ടറോളം സ്ഥലം കൈവശത്തിലുള്ളതും അവിടെ കൃഷിചെയ്തു വരുന്നതുമാണ്. ഒലിക്കടിക്ക് പകരം മുളങ്ങാമുട്ടി എന്ന സ്ഥലത്ത് താമസിക്കാൻ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവർ നൽകിയ നിവേദനം വനാവകാശ നിയമപ്രകാരം നടപടിയിലിരിക്കെയാണ് കുടിൽകെട്ടി താമസം തുടങ്ങിയത്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല.

(ഡി) ടി ആദിവാസികളോട് ഒഴിഞ്ഞുപോകാൻ വനംവകുപ്പ് അധികൃതർ ആവശ്യപ്പെട്ടുവെങ്കിലും ഒഴിഞ്ഞുപോകില്ലെന്നും ഒഴിപ്പിക്കാൻ ശ്രമിച്ചാൽ ആത്മഹത്യ ചെയ്യുമെന്നും അവർ പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായി വനംവകുപ്പ് ബലപ്രയോഗം നടത്തിയിട്ടില്ല.

(ഇ) 2006-ലെ വനാവകാശ നിയമപ്രകാരം ഉചിതമായ നടപടികൾ ബന്ധപ്പെട്ട ഗ്രാമസഭ, സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയിൽ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കുടിൽകെട്ടി താമസിക്കുന്ന മുളങ്ങാമുട്ടിയിൽത്തന്നെ ഇവർക്ക് താമസസ്ഥലം നൽകുന്നവിധത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

272(3094) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രോമോർ ഫുഡ് പദ്ധതിപ്രകാരം ലഭിച്ച കൈവശ ഭൂമികളിൽ പട്ടയം ലഭിച്ചവയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ; പുതിയ ഉത്തരവിന്റെയും മുൻ ഉത്തരവുകളുടെയും കോപ്പികൾ ലഭ്യമാക്കാമോ ;

(ബി) കൈവശ ഭൂമിയിലെ ഏതൊക്കെ മരങ്ങൾ മുറിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് ; ഈ മരങ്ങൾ മുറിക്കുന്നതിനുമുമ്പ് കർഷകർ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അനുമതി വാങ്ങേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് വാങ്ങേണ്ടത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത അനുമതി നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; നിർദ്ദേശം ലഭിക്കാത്തതുമൂലം റാന്നി, പമ്പാവാലി മേഖലയിലെ കൈവശ കർഷകർ പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിനും നീക്കംചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുപരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) വനഭാഗങ്ങളിൽ പട്ടയം ലഭിച്ചവയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയ ഉത്തരവുകൾ (27-5-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 40/15/വനം, 9-7-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 49/15/വനം) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ ഉത്തരവ് സ.ഉ.(എംഎസ്.)36/93/വനം 19-5-1993-ഉം സ.ഉ.(എംഎസ്.)നമ്പർ 23/93/വനം 15-3-1993-ലുമാണ്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)*

(ബി) കൈവശഭൂമിയിലെ മാവ്, അമ്പഴം, പുളി, നെല്ലി, കൊടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, ആഞ്ഞിലി, പ്ലാവ് എന്നീ 11 ഇനമരങ്ങൾ മുറിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിന് വനം, റവന്യൂ വകുപ്പുകളുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെയുള്ള ഉത്തരവ് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് പരാതി ഉണ്ടായതിനെത്തുടർന്ന് 'പ്രസ്തുത വകുപ്പുകളുടെ അനുമതിക്ക് വിധേയമായി' എന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സോഷ്യൽ ഫോറസ്ട്രി

273 (3095) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly